**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1590** **19-01-2021 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന പ്രോജക്ടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ. ബി. സതീഷ് | | Shri A. C. Moideen<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന പ്രോജക്ടുകൾ സ്ത്രീ സമൂഹത്തെ എങ്ങനെ ബാധിക്കുന്നു എന്ന വിലയിരുത്തൽ നടത്താറുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (എ) | തദ്ദേശ ഭരണ സ്ഥാപനങ്ങൾ പതിമൂന്നാം പഞ്ചവത്സര പദ്ധതി രൂപീകരണത്തിന് മുന്നോടിയായി വർക്കിംഗ് ഗ്രൂപ്പുകളുടെ ആഭിമുഖ്യത്തിൽ ഓരോ വികസന മേഖലയിലും കഴിഞ്ഞ 20 വർഷങ്ങൾക്കുള്ളിൽ ഉണ്ടായിട്ടുള്ള നേട്ട കോട്ടങ്ങളെ സംബന്ധിച്ച് അവസ്ഥാ വിശകലനം നടത്തുന്നതിന് നിർദ്ദേശം നൽകിയിരുന്നു. ഓരോ വർഷവും പുതിയ സ്ഥിതിവിവരകണക്കുകൾ ലഭ്യമാണെങ്കിൽ അത് കൂടി കണക്കിലെടുത്ത് അവസ്ഥാ വിശകലനം പുതുക്കുന്നുണ്ട്. ഇത് അവലംബമാക്കി ഓരോ വികസന മേഖലയും നേരിടുന്ന വെല്ലുവിളികൾ, വിടവുകൾ, വികസനം മെച്ചപ്പെടുത്തുന്നതിനുള്ള സാധ്യതകൾ എന്നിവയെല്ലാം ഉൾപ്പെടുത്തി അവസ്ഥാ രേഖ (Status Report) തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |
| (ബി) | സ്ത്രീകൾ നിയന്ത്രിക്കുന്നതും, സ്ത്രീകൾ ഗുണഭോക്താക്കളുമായ പ്രോജക്ടുകൾ മാത്രം വനിത ഘടകപദ്ധതിയിൽ ഉൾപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്നതിനും മറിച്ചുള്ളവയ്ക്കെതിരെ കൃത്യമായ പരിശോധനയും നടപടിയും സ്വീകരിക്കാനാകുമോ; വിശദമാക്കുമോ? | (ബി) | തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികൾ തയ്യാറാക്കുമ്പോൾ ആകെ വികസന ഫണ്ടിന്റെ 10 ശതമാനം വനിതാ ഘടക പദ്ധതിക്ക് വകയിരുത്തേണ്ടതാണെന്ന് പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾ വനിതകൾ തന്നെയാണെന്നുള്ള കാര്യം നിർവ്വഹണ ഉദ്യോഗസ്ഥനും പ്രോജക്ട് പരിശോധിക്കാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥനും ഉറപ്പ് വരുത്തുന്നുണ്ട്. വാർഷിക പദ്ധതികൾക്ക് അംഗീകാരം നൽകുന്ന ജില്ലാ ആസൂത്രണ സമിതികളും ഇക്കാര്യം ഉറപ്പ് വരുത്തുന്നുണ്ട്. ഇപ്രകാരം മാനദണ്ഡങ്ങൾ പാലിച്ചാണ് പദ്ധതി രൂപീകരണം നടത്തുന്നതെന്ന് ഉറപ്പ് വരുത്തുന്നതിന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് കാലാകാലങ്ങളിൽ ഓഡിറ്റ് നടത്തുകയും വീഴ്ച വരുത്തുന്നവർക്കെതിരെ ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചും വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ